കേന്ദ്രീകരിച്ച് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിൽപ്പന നികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽ നിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറും കൃഷി വകുപ്പുമായി കൂടുതൽ വിപുലവും ക്രിയാത്മകവുമായ ചർച്ച ഉടൻതന്നെ സംഘടിപ്പിക്കുന്നതാണ്.

(സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നിലവിൽ സംസ്ഥാനത്ത് വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ ടി സംവിധാനം ലഭ്യമായിട്ടുള്ളതും കൂടാതെ എഫ്.എസ്.എസ്.എ.ഐ. അംഗീകാരമുള്ള എറണാകുളത്ത് സ്ഥിതി ചെയ്യുന്ന സ്റ്റെർലിംഗ് ടെസ്റ്റ് ലാബിലും ലഭ്യമാണ്. 4000 മുതൽ 8000 രൂപ വരെയാണ് ഓരോ സാമ്പിളിനും പരിശോധനയ്ക്കായി നിലവിൽ ഈടാക്കുന്നത്.

ഇടുക്കി ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള കേന്ദ്ര ജലകമ്മീഷന്റെ പഠന റിപ്പോർട്ട്

18 (*78) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള കേന്ദ്ര ജല കമ്മീഷന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിലെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) വെള്ളം നിറയുമ്പോൾ ഡാമിന്റെ പുറത്തേയ്ക്കുള്ള തള്ളലിൽ വ്യത്യാസമുണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഡാമിന്റെ കോൺക്രീറ്റ് ബ്ലോക്കുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിലെ നിഗമനങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) കേന്ദ്ര ജല കമ്മീഷൻ ഇടുക്കി ഡാമിന്റെ സുരക്ഷയെക്കുറിച്ച് പഠനം നടത്തുന്നുണ്ട്. അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) നേരിയ തോതിൽ അനുവദനീയമായ പരിധിക്കുള്ളിൽ വ്യതിയാനം ഉണ്ടാകുന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പഠനത്തിൽ പ്രസ്തുത പഠനവും ഉൾപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമല്ല.

മുല്ലപ്പെരിയാർ ഡാം

19 (*79) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിന്റെ മേൽനോട്ട സമിതി എന്നാണ് അവസാനമായി യോഗം ചേർന്നതെന്ന് വ്യക്തമാക്കാമോ; മേൽനോട്ട സമിതി യോഗം ചേരുന്നതിൽ കാലവിളംബം ഉണ്ടായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) മുല്ലപ്പെരിയാറിനെ സംബന്ധിക്കുന്ന ഫയൽ സെക്രട്ടേറിയറ്റിലെ രഹസ്യ ഫയലുകൾ സൂക്ഷിക്കുന്ന സെക്ഷനിലാണോ സൂക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മുല്ലപ്പെരിയാറിനെക്കുറിച്ചുള്ള ക്യാബിനറ്റ് തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ അതതു സമയങ്ങളിൽ, മുമ്പ് ചോർന്നത് പരിഗണിച്ച്, രഹസ്യമായി സൂക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) 144 അടി വെള്ളം ശേഖരിച്ചിട്ടും അണക്കെട്ടിന് കഴപ്പങ്ങൾ ഒന്നും സംഭവിക്കുന്നില്ലെന്ന കാരണത്താൽ സംഭരണശേഷി 154 അടിയായി വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി സുപ്രീം കോടതിയെ സമീപിക്കാനുള്ള തമിഴ്നാടിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ജലവിഭവ വകുപ്പുമന്ത്രി: (ശ്രീ. പി. ജെ. ജോസഫ്) :

(എ) ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട O.S.No.3/2006-ൽ ബഹു. കോടതി 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് മുല്ലപ്പെരിയാർ ഡാമിന്റെ മേൽനോട്ട സമിതി രൂപീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES.Kerala Legislative Assembly